ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# REGIONAL BULLETIN

**DATE: 17.03.2025** | **പ്രധാന വാർത്തകൾ** | **TIME : 12.30 PM**

1. **സംസ്ഥാനത്ത് മില്ലുടമകൾ പിന്മാറിയതിനെ തുടർന്ന് നെല്ല് സംഭരണം തടസ്സപ്പെട്ട വിഷയത്തിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്കൗട്ട്. വിഷയം ചർച്ച ചെയ്ത് പരിഹരിച്ചതായി മന്ത്രി ജി ആർ അനിൽ.**
2. **പാതി വില തട്ടിപ്പുമായി ബന്ധപ്പെട്ട 665 കേസുകൾ ക്രൈം ബ്രാഞ്ചിന് കൈമാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ.**
3. **മുനമ്പം ഭൂമി പ്രശ്നത്തിൽ ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച സർക്കാർ നടപടി ഹൈക്കോടതി റദ്ദാക്കി. വഖഫ് ഭൂമിയിൽ അന്തിമ തീരുമാനം വഖഫ് ബോർഡിൻറേതെന്നും കോടതി.**
4. **ആശാ വർക്കർമാരുടെ സെക്രട്ടേറിയറ്റ് ഉപരോധസമരം തുടരുന്നു. രാപകൽ സമരം 36-ാം ദിവസത്തിലേക്ക്.**
5. **ബഹിരാകാശ നിലയത്തിൽ കഴിയുന്ന യു എസ് ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസും ബുച്ച് വിൽമോറും നാളെ ഭൂമിയിലേക്ക് മടങ്ങും.**

&&&&&&&&&&&&&&&&&&

## നിയസഭ പ്രതിപക്ഷ വാക്കൗട്ട്

നെല്ല് സംഭരണ വിഷയത്തിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്കൗട്ട്. മില്ലുടമകൾ നെല്ല് സംഭരണത്തിൽ നിന്നും

പിന്മാറിയതിനെ തുടർന്ന് കുട്ടനാട്ടിലും പരിസര പ്രദേശങ്ങളിലെ പാടശേഖരങ്ങളിലും നെല്ല് കെട്ടികിടക്കുന്ന ഗുരുതരമായ സാഹചര്യം സഭ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് പ്രതിപക്ഷത്ത് നിന്ന് അനൂപ് ജേക്കബാണ് നോട്ടീസ് നൽകിയത്. നെല്ല് സംഭരണത്തിലെ സംസ്ഥാന വിഹിതം വർധിപ്പിക്കാൻ സർക്കാർ തയാറാവുന്നില്ലെന്നും അനൂപ് ജേക്കബ് ആരോപിച്ചു. മില്ലുടമകളുടെ സമ്മർദ്ദത്തിന് സർക്കാർ വഴങ്ങുന്നതാണോ ശെരിയെന്ന് പ്രതിപക്ഷ നേതാവ് വി ഡി. സതീശൻ ചോദിച്ചു. നെല്ല് സംഭരണ വിഷയം ചർച്ച ചെയ്ത് പരിഹാരമായെന്നും അതിനാൽ വിഷയം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തി വയ്ക്കേണ്ട ആവശ്യമില്ലെന്നും മന്ത്രി ജി ആർ അനിൽ വ്യക്തമാക്കി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി (ഇൻട്രോ)**

പാതി വില തട്ടിപ്പുമായി ബന്ധപ്പെട്ട് ഈ മാസം 12 വരെ 1,343 കേസുകൾ പൊലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിൽ 665 കേസുകൾ ക്രൈം ബ്രാഞ്ചിന് കൈമാറാൻ തീരുമാനിച്ചതായും മുരളി പെരുനെല്ലി എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി

നിയമസഭയിൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

&&&&&&&&&&&&&&&&&&

**എം ബി രാജേഷ്-നിയമസഭ**

വിജ്ഞാന സമൂഹം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ 13 ജില്ലകളിൽ 19 ബ്ലോക്കുകളിലായി ഇന്നവേഷൻ ക്ലസ്റ്ററുകൾ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മന്ത്രി എം ബി രാജേഷ്. ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകി വരുന്നതായും കൂടുതൽ ബ്ലോക്കുകളിലേക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുമെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**വീണാ ജോർജ് (ഇൻട്രോ)**

ക്യാൻസർ രോഗമൂലമുണ്ടാകുന്ന മരണം കുറയ്ക്കുക എന്നതാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ആരോഗ്യം ആനന്ദം - അകറ്റാം അർബുദം ക്യാമ്പയിൻറെ ഭാഗമായി ഒരു മാസം കൊണ്ട് 13 ലക്ഷത്തി 74,762 സ്ത്രീകളെ ക്യാൻസർ പരിശോധനയ്ക്ക് വിധേയരാക്കിയതായി മന്ത്രി നിയമസഭയിൽ പറഞ്ഞു.
(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&&

**വഖഫ്-ഹൈക്കോടതി**

മുനമ്പത്തെ തർക്ക ഭൂമിയുമായി ബന്ധപ്പെട്ട് ജസ്റ്റിസ് സിഎൻ രാമചന്ദ്രൻ നായരെ ജുഡീഷ്യൽ കമ്മീഷനായി നിയോഗിച്ച സർക്കാർ നടപടി ഹൈക്കോടതി റദ്ദാക്കി. മുനമ്പം വഖഫ് ഭൂമിയാണെന്ന കീഴ് കോടതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം വഖഫ് ബോർഡിനും വഖഫ് ട്രിബ്യൂണലിനും ആണെന്നും ഹൈക്കോടതി വിധിച്ചു. വഖഫ് സംരക്ഷണവേദി നൽകിയ ഹർജിയിലാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. ജുഡീഷ്യൽ കമ്മീഷൻ നിയമനം നിയമപരം അല്ലെന്നും, നിയമനത്തിൽ പൊതു താൽപര്യമില്ലെന്നും സിംഗിൾ ബെഞ്ച് നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&

**വിഡി സതീശൻ +സമരസമിതി**

മുനമ്പം വിഷയത്തിൽ സർക്കാരിൻറെ കള്ളക്കളിയാണ് കോടതി ഉത്തരവിലൂടെ പുറത്ത് വന്നിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചതിനെ എതിർത്തിരുന്നതായും എന്നാൽ മുഖ്യമന്ത്രി നൽകിയ ഉറപ്പിലാണ് കമ്മീഷനുമായി സഹകരിച്ചതെന്നും മുനമ്പം സമരസമിതി പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

## കേരള അവാർഡ്-ഗവർണർ

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ ഇന്ന് ഗവർണർ രാജേന്ദ്ര അർലേക്കർ വിതരണം ചെയ്യും. വൈകിട്ട് രാജ്ഭവനിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് 2024 ലെ കേരള പുരസ്കാരങ്ങൾ നൽകുക. കേരള ജ്യോതി പുരസ്കാരം എം കെ സാനുവിന് സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - റാഗിങ്ങ്

സംസ്ഥാനത്തെ റാഗിങ്ങ് കേസുകളും ലഹരി വ്യാപനവും പൊതു സമൂഹം വളരെ ഗൗരവത്തോടെ കാണണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വ്യാപനത്തിനെതിരെ പൊതു സമൂഹം ഒന്നിച്ചു നിൽക്കണമെന്നും ലഹരിക്ക് അടിമകളായവരെ ആ രീതിയിൽ കാണണമെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ ഏറെ ഗൗരവത്തോടെയാണ് വിഷയത്തെ കാണുന്നതെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## കെ.സുരേന്ദ്രൻ

എൽഡിഎ ഫ് ഭരണത്തിൽ കേരളം ലഹരി മാഫിയയുടെ പിടിയിൽ അമർന്നിരിക്കുകയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ. ലഹരിക്കെതിരെ നടത്തിയ

ജനജാഗ്രത സദസ്സ് പത്തനംത്തിട്ടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**റൈസീന സംഭാഷണം**

പത്താമത് റൈസീന സംഭാഷണം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയാകും. റൈസീന സംഭാഷണത്തിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസീലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

**നാസ-യു.എസ്**

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കഴിയുന്ന യുഎസ് ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസും ബുച്ച് വിൽമോറും നാളെ ഭൂമിയിലേക്ക് മടങ്ങും. ബഹിരാകാശ പേടകത്തിന് പ്രൊപ്പൽഷൻ പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്നാണ് ഇരുവരും തിരികെ വരാനാകാതെ ബഹിരാകാശത്ത കുടുങ്ങിയത്.

&&&&&&&&&&&&&&&&&&

## ആർ ബിന്ദു

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവ്വീസ് സ്കീം മുഖാന്തിരം നടപ്പാക്കുന്ന "ലൈഫ് ഈസ് ബ്യൂട്ടിഫുൾ" ക്യമ്പയിൻ, ലഹരിക്കെതിരെ ജനജാഗ്രത സദസ്സ് 1000 കേന്ദ്രങ്ങളിൽ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ ബിന്ദു ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും.

&&&&&&&&&&&&&&&&&&

## ആശാ സമരം

സംസ്ഥാനത്തെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റ് ഉപരോധസമരം ആരംഭിച്ചു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആശാ വർക്കർമാർ നടത്തുന്ന രാപകൽ സമരം 36-ാം ദിവസത്തിലേക്ക് കടന്നിട്ടും സർക്കാർ അനുകൂല നിലപാട് എടുക്കാത്തതിൽ പ്രതിഷേധിച്ചാണ് ഉപരോധം. അതെസമയം, ആശാ വർക്കർമാരുടെ ആവശ്യങ്ങൾ ന്യായമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ആശാ വർക്കർമാരുടെ തൊഴിലിനെ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടത് കേന്ദ്രമാണെന്ന് എൽഡിഎഫ് കൺവീനർ ടി പി രാമകൃഷ്ണൻ പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

## മാലിന്യം നീക്കൽ-ഇടുക്കി-ഇൻട്രോ

ഇടുക്കി മൂന്നാറിൽ മാലിന്യം നീക്കാൻ പഞ്ചായത്ത് അധികൃതരും സാമൂഹികസംഘടനകളും പൊതുജനവും

ഒറ്റക്കെട്ടായി രംഗത്തിറങ്ങി. വിവിധ സർക്കാർ വകുപ്പുകളും ഒത്തുചേർന്നതോടെ മാലിന്യനീക്കം ചരിത്രമായി.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ................

(വോയിസ്)

&&&&&&&&&&&&&&&&&&

**ഇടുക്കി- കടുവ**

ഇടുക്കി വണ്ടിപെരിയാർ ഗ്രാമ്പിയിലെ കടുവയെ മയക്ക് വെടി വെച്ചു. രണ്ട് റൗണ്ട് മയക്ക് വെടി വച്ചപ്പോഴാണ് കടുവ മയങ്ങി വീണത്. ആദ്യ റൗണ്ട് വെടി വെച്ച സമയത്ത് കടുവ സംഘത്തിന് നേരെ പാഞ്ഞടുത്തു. ചികിത്സ നൽകുന്നതിനായി കടുവയെ തേക്കടിയിലേക്ക് കൊണ്ടു പോയി.

&&&&&&&&&&&&&&&&&&

**കണ്ണൂർ ആറളം - ഇൻഡ്രോ**

കണ്ണൂർ ആറളം പുനരധിവാസമേഖലയിൽ കാട് വെട്ടിത്തെളിക്കൽ പ്രവൃത്തികളും ആനകളെ തുരത്തുന്ന ദൗത്യവും ഇന്ന് പുനരാരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ............

(വോയിസ്)

&&&&&&&&&&&&&&&&&&

**ക്രിപ്റ്റോ കറൻസി**

ക്രിപ്റ്റോ കറൻസി ഓൺലൈൻ ട്രേഡിങ്ങിൻറെ പേരിൽ

12 ലക്ഷത്തിലേറെ രൂപ തട്ടിയ പ്രതി പിടിയിലായി. മലപ്പുറം സ്വദേശി ജിൻഷിദാണ് പിടിയിലായത്. ടെലിഗ്രാം വഴി അയച്ചുകൊടുത്ത ലിങ്കിലൂടെ ആപ്പ് ഡൌൺലോഡ് ചെയ്ത ശേഷം, ക്രിപ്റ്റോ കറൻസി ഓൺലൈൻ ട്രേഡിങ്ങിൽ ലാഭം നൽകാമെന്ന് പറഞ്ഞാണ് ഇയാൾ പന്തളം സ്വദേശിയെ കബളിപ്പിച്ചത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

&&&&&&&&&&&&&&&&&&

**എൽ.ഡി.എഫ് പ്രതിഷേധ മാർച്ച്**

കേന്ദ്ര ബജറ്റിൽ

ഉൾപ്പെടെ കേരളത്തോടുള്ള അവഗണനയ്ക്കെതിരെ എൽ ഡി എഫിൻറെ നേതൃത്വത്തിൽ രാജ്ഭവനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. സിപിഐ (എം) പോളിറ്റ് ബ്യൂറോ അംഗം എം.എ ബേബി ഉദ്ഘാടനം ചെയ്തു. മറ്റ് ജില്ലകളിൽ നിയമസഭാ മണ്ഡല അടിസ്ഥാനത്തിലാണ് പ്രതിഷേധം. കേരളത്തിൻറെ ആവശ്യങ്ങൾ പരിഗണിക്കുക, കടൽമണൽ ഖനന തീരുമാനം പിൻവലിക്കുക എന്നീ വിഷയങ്ങളും പ്രതിഷേധക്കാർ ഉന്നയിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## ബിജെപി യോഗം

ബി ജെ പി സംസ്ഥാന നേതൃ യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. ബി ജെ പി കേരള പ്രഭാരി പ്രകാശ് ജാവദേക്കർ, ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ അധ്യക്ഷൻമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ തിരഞ്ഞെടുപ്പ്, മുൻ തിരഞ്ഞെടുപ്പുകളിലെ ബി ജെ പി യുടെ മുന്നേറ്റം, ഭാവി സമര പരിപാടികൾ തുടങ്ങി വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&